"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ല — വാഴക്കാട് ഗ്രാമപഞ്ചായത്ത് - 2013-14, 2014-15 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.2 - തടസ്സപ്പെടുത്തിയ തുക - സാധൂകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ ( എ ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.544/2023/LSGD തീയതി,തിരുവനന്തപുരം, 03-03-2023

---

പരാമർശം:-

1. ഡയറക്ടർ (റൂറൽ) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.07.2022 ലെ പി എ എൻ/4137/2022- എം3 ( ഡി പി ) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 27.12.2022 ലെ ഡി.കെ.എസ്.എ 3606/പി.റ്റി2/2022 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ എസ്സ്. സി. വിദ്യാർത്ഥികൾക്ക് പഠനോപകരണം വിതരണം ചെയ്യൽ പദ്ധതി (പ്രോജക്ട് നം. 225/2015) പ്രകാരം സർക്കാർ നിശ്ചയിച്ച സാമ്പത്തിക പരിധി പാലിക്കാതെ പഠനോപകരണങ്ങൾ വാങ്ങിയതിലൂടെ അധികം ചെലവായ 2,23,000/- രൂപ 2013-14 & 2014-15 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു .

2. ഇതു സംബന്ധിച്ച് ഡയറക്ടർ (റൂറൽ ) തദ്ദേശ സ്വയംഭരണ വകുപ്പ് ലഭ്യമാക്കിയിട്ടുള്ള റിപ്പോർ ട്ടിൽ വാഴക്കാട് പഞ്ചായത്തിന്റെ 14/08/2020 ലെ 9(2) നമ്പർ തീരുമാനം പ്രകാരം നിർദ്ധനരായ 13 പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളാണ് പ്രസ്തുത പദ്ധതി പ്രകാരം ഗുണഭോക്താക്കളായിട്ടുള്ളത് എന്നും വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമായി ഇരുന്ന് പഠിക്കുന്നതിന് മേശയും കസേരയും കൂടാതെ പുസ്തകങ്ങൾ സൂക്ഷിക്കുന്നതിനാണ് അലമാര നൽകിയതെന്നും അതുവഴി വ്യക്തി വികസനത്തിന് കൂടി വഴിയൊരുക്കുക എന്ന ദീർഘ വീക്ഷണത്തോടുകൂടിയാണ് പദ്ധതി നടപ്പാക്കിയതെന്ന് അറിയിച്ചിട്ടുണ്ട്. ആയതിലൂടെ വിദ്യാർത്ഥികൾ ഉയർന്ന പഠന നിലവാരം കൈവരിച്ചതായും ഓഡിറ്റിൽ തടസ്സപ്പെടുത്തിയ 2,23,000/- രൂപയ്ക്ക് സർക്കാർ സാധൂകരണം ലഭിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി മലപ്പുറം ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ തടസ്സപ്പെടുത്തിയ തുകയ്ക്ക് സാധൂകരണം നൽകണമെന്ന് പരാമർശം (1) പ്രകാരം ഡയറക്ടർ ( റൂറൽ ) തദ്ദേശ സ്വയംഭരണ വകുപ്പ് ശിപാർശ സമർപ്പിച്ചിട്ടുണ്ട് .

3. പരാമർശ പഠനോപകരണങ്ങൾ ഗുണഭോക്താക്കളായ വിദ്യാർത്ഥികൾക്ക് കൈമാറിയിട്ടുള്ളതിനാലും വിദ്യാർത്ഥികൾ ഉയർന്ന പഠനനിലവാരം കൈവരിച്ചതായി ഭരണസമിതി വിലയിരുത്തിയിട്ടുള്ളതിനാലും പ്രസ്തുത ഗുണഭോക്തൃ ലിസ്റ്റിന് പിന്നീട് ചേർന്ന ഗ്രാമസഭ സാധൂകരണം നൽകി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടുള്ളതിനാലും സർക്കാർ മാനദണ്ഡങ്ങൾ പാലിച്ച

മാത്രമേ പദ്ധതി നിർവ്വഹണം നടത്താവൂ എന്ന കർശനനിർദ്ദേശത്തോടെ വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ 2013-2014, 2014-2015 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2 ലെ പരാമർശത്തിന് സാധൂകരണം നൽകുന്നതിൽ വകുപ്പിന് എതിരഭിപ്രായമില്ലെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട് .

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച . ഡയറക്ടർ (റൂറൽ ) തദ്ദേശ സ്വയംഭരണ വകുപ്പ്, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശ പരിഗണിച്ചും പരാമർശ പഠനോപകരണങ്ങൾ ഗുണഭോക്താക്കളായ വിദ്യാർത്ഥികൾക്ക് കൈമാറിയിട്ടുള്ളതിനാലും വിദ്യാർത്ഥികൾ ഉയർന്ന പഠനനിലവാരം കൈവരിച്ചതായി ഭരണസമിതി വിലയിരുത്തിയിട്ടുള്ളതിനാലും പ്രസ്തുത ഗുണഭോക്തൃ ലിസ്റ്റിന് പിന്നീട് ചേർന്ന ഗ്രാമസഭ സാധൂകരണം നൽകി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടുള്ളതിനാലും തുടർന്നുള്ള വർഷങ്ങളിൽ സർക്കാർ മാനദണ്ഡങ്ങൾ പാലിച്ച മാത്രമേ പദ്ധതി നിർവ്വഹണം നടത്താവൂ എന്ന കർശനനിർദ്ദേശത്തോടെ മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ 2013-14, 2014-15 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2 പ്രകാരം തടസ്സപ്പെടുത്തിയ**2,23,000/- രൂപയുടെ (രണ്ട് ലക്ഷത്തി ഇരുപത്തി മൂവായിരം രൂപ മാത്രം)** ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA.R.S.
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ( റൂറൽ ) തിരുവനന്തപുരം
സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, വാഴക്കാട് ഗ്രാമപഞ്ചായത്ത്, മലപ്പുറം
അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ